**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 888.** — **20-03-2013-ലെ മറുപടിയ്ക്ക്**

## സ്വകാര്യമേഖലയിൽ പ്രൈവറ്റ് ജോബ് പോർട്ടൽ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ. കെ.ശിവദാസൻ നായർ:<br>ശ്രീ.പി. സി. വിഷ്ണുനാഥ് : | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ മേഖലയിൽ ജോലി ലഭ്യതയ്ക്കായി പ്രൈവറ്റ് ജോബ് പോർട്ടൽ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സ്വകാര്യ മേഖലയിൽ ജോലിയ്ക്കായി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ODEPC ഒരു ഓൺലൈൻ ജോബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. www.odepc.kerala.gov.in എന്ന ജോബ് പോർട്ടൽ 2012 ആഗസ്റ്റ് മാസം 8-ന് നിലവിൽ വന്നു. വിദേശ തൊഴിലവസരങ്ങൾക്കൊപ്പം തദ്ദേശ തൊഴിലവസരങ്ങൾ കൂടി തൊഴിലന്വേഷകരിലേക്ക് എത്തിക്കുന്ന വിധത്തിലാണ് ഇതിന്റെ പ്രവർത്തനം സജ്ജമാക്കിയിട്ടുള്ളത്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;<br><br>(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം | (ബി) യും (സി) യും<br><br>കേരളത്തിനകത്തും പുറത്തുമുള്ള തൊഴിലന്വേഷകർക്ക് വളരെ സൗകര്യപ്രദമായ രീതിയിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനും, ODEPC- ന്റെ തൊഴിൽ വിജ്ഞാപനങ്ങൾ തക്ക സമയത്ത് അവരിലേക്കെത്തിക്കുന്നതിനും, തൊഴിൽ ദാതാക്കളുടെ ആവശ്യമനുസരിച്ച് അതാത് തൊഴിലുകൾക്കനുസൃതമായി ബയോഡേറ്റകൾ അയച്ചുകൊടുക്കുന്നതിനും ഉതകുന്ന തരത്തിലാണ് ഈ വെബ്പോർട്ടൽ രൂപകല്പന ചെയ്തിട്ടുള്ളത്. ഉദ്യോഗാർത്ഥികൾക്ക് സ്വന്തം വിവരങ്ങൾ രേഖപ്പെടുത്തുവാനും, യോജിച്ച തൊഴിലവസരങ്ങൾക്ക് അപേക്ഷിക്കുവാനുമുള്ള സംവിധാനം, യോജിച്ച അവസരങ്ങൾ ഉദ്യോഗാർത്ഥികളെ അറിയിക്കാനുമുള്ള ഓട്ടോമാറ്റിക് ഇ-മെയിൽ അലേർട്ട്, തുടങ്ങിയവയാണ് ഈ ജോബ് പോർട്ടലിന്റെ സവിശേഷതകൾ, |

സ്വന്തമായി ഇ-മെയിൽ വിലാസമുള്ള, 18 വയസ്സ് പൂർത്തിയായ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ചുരുങ്ങിയ രജിസ്ട്രേഷൻ ഫീസ് മാത്രം നൽകിക്കൊണ്ട് ഈ ജോബ് പോർട്ടലിന്റെ സേവനം ഉപയോഗിക്കാം. ആരംഭത്തിൽ ഫീസ് ഡിമാൻഡ് ഡ്രാഫ്റ്റായി മാത്രമായിരിക്കും സ്വീകരിക്കുന്നത്. ഭാവിയിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ട്.

(ഡി) ഏതെല്ലാം എജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ഒഡെപെക്-ന് മത്രമായി രൂപകല്പന ചെയ്തിട്ടുള്ളതാണ് ഈ ജോബ്പോർട്ടൽ. മറ്റുള്ള ഏജൻസികളുമായി ഇതിന് സഹകരണം ഇല്ല.

സെക്ഷൻ ഓഫീസർ